വ്യവസായം; കാർഷികവിളകൾ എന്നിവയ്ക്ക് ആറാം പദ്ധതിയിൽ മുടക്കിയ കേന്ദ്രവിഹിതം

*477 [508] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, കെ: മൂസ്സക്കുട്ടി:
,, വി. കേശവൻ:
,, വി: സി. കബീർ:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പഞ്ചവൽസര പദ്ധതിക്കാലത്ത് സംസ്ഥാനത്ത് ചെറുകിട വൻകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, നെല്ല്, റബ്ബർ മുതലായ നാണ്യവിളകളുടെ ഉൽപ്പാദനം എന്നീ ഇനങ്ങളിൽ കേന്ദ്രവിഹിതമായി മൊത്തം എന്തു തുക മുതൽമുടക്ക് ഉണ്ടായി;

(ബി) വ്യവസായ മേഖലയിൽ എത്ര;

(സി) ഏതെല്ലാം വ്യവസായങ്ങളിൽ;

(ഡി) പരമ്പരാഗത വ്യവസായത്തിൽ മൊത്തം എത്ര;

(ഇ) കയർ, കൈത്തറി, മറ്റു പരമ്പരാഗത വ്യവസായങ്ങളിൽ ഓരോന്നിലും എത്ര വീതം;

(എഫ്) തെങ്ങ്, റബ്ബർ, മറ്റു നാണ്യവിളകൾ എന്നിവയിൽ എത്ര;

(ജി) നെൽകൃഷിക്ക് എത്ര?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ആറാം പഞ്ചവൽസര പദ്ധതിക്കാലത്ത് ചെറുകിട വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ ഒഴികെയുള്ള നാണ്യവിളകൾ, നെല്ല് എന്നിവയുടെ ഉൽപ്പാദനം എന്നീ ഇനങ്ങളിൽ കേന്ദ്രവിഹിതവും നിക്ഷേപവും കേരളത്തിലെ കേന്ദ്രപൊതുമേഖലയിലെ മുതൽമുടക്കും ഉൾപ്പെടെ 431.36 കോടി രൂപയുടെ മൊത്തം മുതൽമുടക്കുണ്ടായിട്ടുണ്ട്.

(ബി) 421.31 കോടി രൂപ.

(സി) കയർ, കൈത്തറി, ചെറുകിട, കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങളിൽ.

(ഡി) 8.10 കോടി രൂപ.

(ഇ) കയർ വ്യവസായം —2.90 കോടി രൂപ.
കൈത്തറി വ്യവസായം—5.20 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) തെങ്ങ് — 8.35 കോടി രൂപ.
കശുമാവ് — 0.80 കോടി രൂപ.
പയർ — 0.12 കോടി രൂപ.

റബ്ബർ, തേയില, കാപ്പി, ഏലം എന്നീ നാണ്യവിളകൾക്കുള്ള കേന്ദ്ര സഹായം അതാതു ബോർഡുകൾക്ക് കേന്ദ്രഗവൺമെൻറിൽനിന്നും നേരിട്ടാണ് ലഭിക്കുന്നത്. ഇതിൻെറ വിവരം ഇപ്പോൾ ലഭ്യമല്ല.

(ജി) 0.78 കോടി രൂപ.

മരുന്ന് ദൗർലഭ്യം പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ

*478 [509] ശ്രീ. പി. കുമാരൻ:
,, കെ. പി. പ്രഭാകരൻ:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ മരുന്ന് ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

1. അലോപ്പതി

ഡോ. കെ. എൻ. പൈ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സർക്കാർ ആശുപത്രികളിൽ ഉപയോഗിക്കേണ്ട മരുന്നുകളുടെ എണ്ണം നിജപ്പെടുത്തി ഗവൺമെൻറ് കമ്പനികളിൽനിന്നും നേരിട്ട് മരുന്നുകൾ വാങ്ങാൻ തുടങ്ങി. മരുന്ന് വാങ്ങുന്ന പ്രക്രിയ ജില്ലാതലത്തിലേക്ക് വികേന്ദ്രീകരിച്ചു. ഗവൺമെൻറ് കമ്പനികളിൽനിന്നും ആവശ്യാനുസരണം മരുന്നുകൾ വാങ്ങാൻ ആരംഭിച്ചു. കൊല്ലത്തിൽ 4 പ്രാവശ്യം വീതം മരുന്നുകൾ വാങ്ങുവാനും ഈ മരുന്നുകൾ നാലു പ്രാവശ്യമായി മാത്രം ഓരോ ആശുപത്രികൾക്കും നൽകുവാനും വ്യവസ്ഥചെയ്തു. അത്യാവശ്യ സന്ദർഭങ്ങളിൽ ലോക്കൽ പർച്ചേസ് വഴി മരുന്നുകൾ വാങ്ങാൻ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയുടെ 10% നീക്കിവെച്ചു. ആശുപത്രി തലവൻമാർക്ക് സ്റ്റോർ പർച്ചേസ് നിയമങ്ങൾ അനുസരിച്ചും അല്ലാതെയും വാങ്ങാൻ സാധിക്കുന്ന മരുന്നുകളുടെ വിലയുടെ പരിധി പുനഃനിർണ്ണയം ചെയ്തു. കൂടുതൽ തുകയുടെ മരുന്നുകൾ വാങ്ങാൻ അധികാരം നൽകി. ഈ സംവിധാനം ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കാൻ പര്യാപ്തമാകുന്നതാണ്.

2. ഹോമിയോപ്പതി

ഹോമിയോ മരുന്നുൽപ്പാദന വിപണന സഹകരണ സംഘം (ആലപ്പുഴ) ഹോമിയോ ആശുപത്രികൾക്കാവശ്യമായ മരുന്നുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly